പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 518 — 27.9.2011-ലെ മറുപടിയ്ക്ക്

**ചേലക്കര മണ്ഡലത്തിലെ പഴം-പച്ചക്കറി സംഭരണ സംസ്കരണ വിപണന കേന്ദ്രം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേലക്കര മണ്ഡലത്തിൽ പഴം-പച്ചക്കറി സംഭരണ സംസ്കരണ വിപണന കേന്ദ്രം (പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ്) പദ്ധതി ആവിഷ്കരിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കേന്ദ്ര സർക്കാരിന്റെകൂടി പങ്കാളിത്തത്തോടെയും ധനസഹായത്തോടെയും നടപ്പിലാക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ (നാഷണൽ ഹോർട്ടികൾച്ചർ മിഷൻ) തത്വത്തിൽ അംഗീകരിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>ഡി) പദ്ധതി നടത്തിപ്പിൽ കാലതാമസം വന്നത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;<br>ഇ) തൃശൂർ ജില്ലയിലെ പഴം-പച്ചക്കറി കർഷകർക്ക് വലിയ പ്രയോജനം ചെയ്യുന്ന ഈ പദ്ധതി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെയും കേരളാ ഹോർട്ടി കൾച്ചറൽ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ സമയബന്ധിതമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ബി), (സി), (ഡി) & (ഇ)<br>പഴം-പച്ചക്കറി സംഭരണ സംസ്കരണ വിപണന പദ്ധതിക്കായി 11.76 കോടിരൂപയുടെ ഒരു നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹോർട്ടി കൾച്ചറൽ മിഷൻ മുമ്പാകെ സമർപ്പിച്ചു. 3.11.2010-ലെ എംപവേർഡ് കമ്മിറ്റി പ്രസ്തുത നിർദ്ദേശം പരിശോധിക്കുകയും പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകുകയും ചെയ്തു. പദ്ധതി പ്രായോഗികമായി നടപ്പിലാക്കുന്നതിലേക്ക് നാഷണൽ ഹോർട്ടി കൾച്ചറൽ മിഷൻ ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഒരു സൊസൈറ്റി രൂപവൽക്കരിക്കേണ്ടതുണ്ട്. ഇതനുസരിച്ചുള്ള പുതുക്കിയ ശുപാർശ രൂപീകരിച്ച് സമർപ്പിക്കുന്നതിന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് സർക്കാർ നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ